**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1985** | **04.05.2017-ൽ മറുപടിയ്ക്ക്**

## നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സഹകരണമേഖല നേരിട്ട ബുദ്ധിമുട്ടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ശശി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ നോട്ട് അസാധുവാക്കൽ തീരുമാനം സഹകരണമേഖലയെ എപ്രകാരം ബാധിച്ചുവെന്നും അതുണ്ടാക്കിയ പ്രതിസന്ധികൾ എന്തെല്ലാമെന്നും ഇതുമൂലം സഹകരണ മേഖലയിൽ വന്ന നിക്ഷേപത്തിന്റെ കുറവും നിക്ഷേപം പിൻവലിക്കലും പ്രസ്തുത മേഖലയെ എപ്രകാരം ബാധിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | 08/11/2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 09/11/2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10/11/2016 മുതൽ 14/11/2016 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2,000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും |

| | | | |
|---|---|---|---|
| | | | തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു.<br>വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പടെ (കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം ബുദ്ധിമുട്ടിലായി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപ തുക പിൻവലിക്കാനാകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെയും ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണപണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിത പൂർണ്ണമായിതീർന്നു. |
| (ബി) | ഇതിൽ നിന്നും സഹകരണമേഖലയെ സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രാഥമിക സഹകരണ സംഘത്തിൽ/ ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000/- രൂപയോ, റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന വ്യക്തിക്ക്/സ്ഥാപനങ്ങൾക്ക് നൽകാൻ നിർദ്ദേശം നൽകി. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിന് നിർദ്ദേശിച്ചു. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും, വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിച്ചു. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കുവാൻ തീരുമാനിച്ചു. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമായിരിക്കുമെന്നും നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| (സി) | സഹകരണമേഖല നോട്ട് അസാധുവാക്കൽ പ്രക്രിയയില്പടെ നേരിട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്നും ഇത് ജനങ്ങളെ എപ്രകാരം ബുദ്ധിമുട്ടിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവും ഉൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു.കാർഷിക വായ്പാ വിതരണവും തിരിച്ചടവും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി നിക്ഷേപ തുക പിൻവലിക്കാൻ ആകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനം ദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജന ജീവിതം ദുരിതപൂർണമായി തീർന്നു. |
| (ഡി) | സഹകരണമേഖലയിലെ നിക്ഷേപ സമാഹരണം മെച്ചപ്പെടുത്തി പ്രസ്തുത മേഖലയെ സംപുഷ്ടീകരിക്കാനും അതിലൂടെ മെച്ചപ്പെട്ട പ്രവർത്തനം ജനങ്ങൾക്കു നൽകുവാനും എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസകാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. |

സെക്ഷൻ ഓഫീസർ